# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5889 19.11.2019- ൽ മറുപടിക്ക്

### ചെറുകിട വ്യാപാര മേഖലയുടെ ഉന്നമനത്തിനായുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എം. കെ. മുനീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ.എം.ഷാജി | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ചെറുകിട വ്യാപാര മേഖല ശക്തിപ്പെടുത്തുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ബി) & സി) | സംസ്ഥാനത്തെ വ്യവസായ സംരംഭക ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി, അവയുടെ ദേശീയ അന്തർദേശീയ വിപണനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 3/12/18-ലെ സ.ഉ(സാധാ)നം.1329/18/വ്യവ ഉത്തരവ് പ്രകാരം വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്.<br><br>വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനത്തെ ചെറുകിട വ്യാപാരമേഖലയെ പ്രോൽസാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.<br><br>2. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തു നിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.<br><br>3. കേരളത്തിലെ നിക്ഷേപകർ/ സംരംഭകർക്ക് ദേശീയ അന്തർദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.<br><br>4. ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക. |
| ബി) | ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി വാണിജ്യ മിഷൻ രൂപീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | | |
| സി) | പ്രസ്തുത വാണിജ്യ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്? | | |

5. ഭക്ഷ്യ സംസ്കരണം, കൈത്തറി, വസ്ത്രം, കരകൗശല സാധനങ്ങൾ, തടി ഫർണിച്ചർ, ബാംബൂ ഉത്പന്നങ്ങൾ, കേരള സോപ്സ് എന്നിവയുടെ വിപണനം പ്രമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

6. പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.

7. വിദേശ നിക്ഷേപങ്ങൾക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.

8. വാണിജ്യ മേഖലയിലെ വൈദ്യുതി ഉപയോഗത്തിന്റെ നിലവിലെ നിരക്കുകൾ സർക്കാർ പുനഃപരിശോധിക്കും.

9. മൊത്ത വ്യാപാരികൾക്കും, ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ നൽകുന്നതിനെ സംബന്ധിച്ച് പരിശോധന നടന്നുവരികയാണ്.

10. വാണിജ്യ സേവനമേഖലയുടെ വളർച്ചയ്ക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുന്നതിനെ സംബന്ധിച്ച് പരിശോധന നടത്തും.

**സെക്ഷൻ ഓഫീസർ**